"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം.ഡിബി3/4620/12/സിഇ/തസ്വഭവ

തീയതി : 22.02.2018

# സർക്കുലർ

വിഷയം: തസ്വഭവ റോഡ് നിർമ്മാണത്തിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്.

സൂചന : 29.05.2017-ന് തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ കൂടിയ യോഗത്തിലെ നിർദ്ദേശം

മേൽ സൂചന പ്രകാരം 2017-18 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ 20% പ്രവൃത്തികളിൽ പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിലേക്കായി ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ shredded പ്ലാസ്റ്റിക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിലും shredded പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നിർവ്വഹിക്കേണ്ടതും പദ്ധതി രേഖയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2018-19 സാമ്പത്തിക വർഷത്തെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് മേൽ കാര്യം സാങ്കേതികാനുമതി നൽകുന്ന പ്രവൃത്തികളുടെ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും shredded പ്ലാസ്റ്റിക് ഉപയോഗിച്ച് സാങ്കേതികാനുമതി നൽകിയ വിശദാംശങ്ങൾ ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ "Proforma page" -ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma-P-1022 -ൽ രേഖപ്പെടുത്തേണ്ടതുമാണ്. എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അതാത് ജില്ലയിൽ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലും, ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്ന പ്രവൃത്തികളിൽ, ടി നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ അതാത് മേഖലയിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ അതാത് കോർപ്പറേഷനുകളിലും ടി നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ചീഫ് എൻജിനീയർ

S 299

Scanned by CamScanner